ജില്ലാ സപ്ലൈസ് ഓഫീസും പ്രവർത്തിക്കുന്നു. കൂടാതെ ഭക്ഷ്യ വകുപ്പിന്റെ കീഴിലുള്ള സിവിൽസപ്ലൈസ് കോർപ്പറേഷന്റെ 8 മാവേലി സ്റ്റോറുകളും 2 സൂപ്പർ മാർക്കറ്റുകൾ, ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ, ഒരു സപ്ലൈകോ ഡിപ്പോ എന്നിവയും ടി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എ.ആർ.ഡി. നമ്പർ -99, കുട്ടമംഗലം എ.ആർ.ഡി. നമ്പർ-100, മുണ്ടേരി എന്നീ റേഷൻകടകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുട്ടിൽ, വെണ്ണിയോട്, മൂപൈനാട് എന്നിവിടങ്ങളിൽ ഓരോ മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

(സി) കൽപ്പറ്റയിൽ ഊർക്കി ബസാറിൽ പുതിയ റേഷൻകട ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് താലൂക്ക് സപ്ലൈ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ പിണങ്ങോട് ഗൗണിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് കെട്ടിടം കണ്ടെത്തി നൽകിയാൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ കഴിയും. എം.എൽ.എ. ഫണ്ടുപയോഗപ്പെടുത്തി രണ്ടാമതൊരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിലക്കയറ്റം

183 (5268) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓണം-റംസാൻ കാലത്ത് പൊതു കമ്പോളത്തിൽ അവശ്യസാധന വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില വർദ്ധന പിടിച്ചു നിർത്തുന്നതിനായി എന്തെല്ലാം കമ്പോള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത് ; ഇവ മുൻകാലങ്ങളിലുള്ളതു ഇടപെടലുകൾ നടത്തിയിട്ടുണ്ടോ ;

(സി) വിപണി ഇടപെടലിനായി സിവിൽസപ്ലൈസ് കോർപ്പറേഷന് ആവശ്യത്തിന് തുക ലഭ്യമാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയന്ത്രണാതീതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2009-ൽ 1250 ഓണച്ചന്തകളുണ്ടായിരുന്നു. ഇത് 2014-ൽ 1443 എണ്ണമായി ഉയർത്തി. 2015-ലും ഇത്രയും തന്നെ ഓണച്ചന്തകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. അതിനാൽ തന്നെ കൂടുതൽ വിപുലമായ ഇടപെടൽ ഇപ്പോഴുണ്ട്. ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടായ അവശ്യസാധനങ്ങളുടെ ദൗർലഭ്യം, കാലാവസ്ഥാവ്യതിയാനം, കടത്തുകൂലി വർദ്ധനവ് എന്നീ കാരണങ്ങളാൽ നിത്യോപയോഗസാധനങ്ങൾക്ക് ചില സന്ദർഭങ്ങളിൽ നേരിയ തോതിൽ വിലക്കയറ്റം ഉണ്ടാകാറുണ്ട്. എന്നിരുന്നാലും സപ്ലൈകോയുടെ ഫലപ്രദമായ വിപണിയിടപെടൽവഴി അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതുമൂലം പൊതുവിപണി വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട്. ഇതിനായി താഴെക്കൊടുത്തിട്ടുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനുംവേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

2. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗസാദ്ധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

3. ഗോതമ്പുപൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻകടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

4. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് എം.ആർ.പി.യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

5. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

6. ഈ കൊല്ലവും സജീവമായി വിപണിയിൽ ഇടപെട്ടുകൊണ്ട് ഓണക്കാലത്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി പ്രത്യേക ഓണച്ചന്തകൾ ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സിന്റെ പേരിലുള്ള റേഷൻകടകൾ

184 (5269) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് താലൂക്കിലെ കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ പേരിൽ മുമ്പ് റേഷൻകടകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽ നിലവിൽ ഏതെങ്കിലും റേഷൻകടയ്ക്ക് അംഗീകാരം ഉണ്ടോ; എങ്കിൽ ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ അംഗീകാരം നൽകിയത് ക്രമക്കേടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 14 റേഷൻകടകൾ നടത്തുന്നതിന് അംഗീകാരം നൽകിയിരുന്നു. പ്രസ്തുത റേഷൻകടകൾ നടത്തുന്നതിന് നിയമപ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകളും ഉടമ്പടികളും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളായി ലൈസൻസുകൾ പുതുക്കി വരുന്നുമുണ്ട്.

(ബി) ഉണ്ട്. നിലവിൽ 13 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. എ.ആർ.ഡി. 39, 140, 141, 143, 120, 121, 122, 183, 145, 23, 21, 146, 139 എന്നീ നമ്പരിലുള്ള എ.ആർ.ഡി.കൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻകടകൾക്ക് അംഗീകാരം നൽകിയത് ക്രമക്കേടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് എന്ന സ്ഥാപനം നിലവിലില്ലായെന്ന് സഹകരണ വകുപ്പ് അധികാരികളോ, സൊസൈറ്റി സെക്രട്ടറിയോ നാളിതുവരെ പൊതുവിതരണ വകുപ്പിനെ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly